**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 538** **06-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ വാഹനങ്ങളുടെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ (പരിശോധന എൻ.ടി ) വകുപ്പിന്റെ സർക്കാർ വാഹനങ്ങളുടെ പരിശോധന കാര്യക്ഷമമായി നടക്കുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ലഭിയ്ക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ ധനകാര്യ (പരിശോധന-എൻ.ടി) വകുപ്പ് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഏതെങ്കിലും ഒരു പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ വാഹന പരിശോധന നിർത്തിവെച്ചിരിക്കുന്നത്; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ധനകാര്യ (പരിശോധന-എൻ.ടി) വകുപ്പ് സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേലുള്ള പരിശോധന നിർത്തിവെച്ചിട്ടില്ല. |
| (സി) | 2016 മുതൽ എത്ര സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം വകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും അതിൽ എത്ര എണ്ണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര എണ്ണത്തിനെതിരെ നടപടി സ്വീകരിക്കാനുണ്ടെന്നും അറിയിക്കുമോ; | (സി) | ധനകാര്യ (പരിശോധന-എൻ.ടി) വകുപ്പ് 2016 മുതൽ ഇതുവരെ 48 സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്തി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് തുടർനടപടികൾക്കായി പരിശോധന റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. അതിൽ 15 സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ ഭരണ വകുപ്പ് നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 33 സർക്കാർ വാഹനങ്ങളുടെ ദുരുപയോഗങ്ങളിന്മേൽ നടപടി റിപ്പോർട്ട് ഭരണവകുപ്പിൽ നിന്നും ലഭ്യമാകാനുമുണ്ട്. |
| (ഡി) | ഈ ഇനത്തിൽ നിന്നും എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്നും ഇനി പിരിച്ചെടുക്കാൻ ബാക്കി എത്രയെന്നും വ്യക്തമാക്കാമോ? | (ഡി) | ധനകാര്യ (പരിശോധന-എൻ.ടി) വകുപ്പ് നടത്തിയ മേൽ സൂചിപ്പിച്ച വാഹന പരിശോധനകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആകെ 1,10,845/- രൂപ ഈടാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വാഹന പരിശോധനകളുടെ റിപ്പോർട്ടുകളിലായി ഇനി ആകെ 7,87,196/- രൂപ ഈടാക്കാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ